"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിങ് വിഭാഗം )
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഡിബി4/8834/CML RRP/2021/സിഇ/തസ്വഭവ

തീയതി :09.11.2021

## പരിപത്രം

വിഷയം : തസ്വഭവ – LID EW – CMLRRP – NOC ലഭ്യമാകാത്ത പ്രവൃത്തികൾ – സംബന്ധിച്ച്

സൂചന : 30.10.2021-ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലെ നടപടി

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച് ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഒരു അവലോകനം സൂചന യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ടി-യോഗത്തിൽ CMLRRP-ൽ ഉൾപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണെന്ന് യോഗ അദ്ധ്യക്ഷ നിരീക്ഷിക്കുകയും ആയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി.

വനം വകുപ്പ്, ഇറിഗേഷൻ മുതലായ മറ്റ് ഇതര വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭിക്കാത്ത സാഹചര്യം ഉള്ളതായും ഇതിനാൽ തന്നെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ചു കരാർ ഉറപ്പിക്കുന്നതിനു സാധിക്കുന്നില്ല എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ യോഗത്തിൽ അറിയിച്ചു. ബഹു. ചീഫ് സെക്രട്ടറിയുടെ തലത്തിലെ കോ-ഓർഡിനേഷൻ സമിതിയുടെ മുൻപാകെ ടി-വിഷയം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ച് തീരുമാനം എടുക്കാവുന്നതാണെന്നും ഇത്തരം പ്രവൃത്തികളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

**ഈ സാഹചര്യത്തിൽ <u>F-1125</u> എന്ന പ്രൊഫോർമയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ, 18.11.2021 തീയതിക്ക് മുൻപായി രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിങ് എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്.**

ചീഫ് എഞ്ചിനീയർ